പോയതിനാൽ അതാതു താലൂക്കിൽനിന്നു വാങ്ങുന്ന നെല്ലും ഡിപ്പോകളിൽ ഉണ്ടായിരുന്ന അരിയും കൂട്ടിയാണു റേഷൻ കൊടുത്തിരുന്നതു്. നെല്ല കൂടുതൽ വാങ്ങാത്ത താലൂക്കുകളിൽ മുഴുവൻ റേഷൻ കൊടുക്കുവാൻ സാധിച്ചിട്ടില്ല.

അരി

*൯൯൯. (൯൪) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആഗസ്റ്റു്മാസത്തിലേക്കു തിരുവിതാംകൂറിലും കൊച്ചിയിലും എത്ര അരിവീതം കിട്ടിയെന്നു പറയുമോ;

(ബി) കൊച്ചിയിൽ സംഭരിച്ചിട്ടുള്ള നെല്ല തിരുവിതാംകൂറിലേക്കും തിരുവിതാംകൂറിൽ സംഭരിച്ചിട്ടുള്ള നെല്ല കൊച്ചിയിലേക്കും ആവശ്യത്തിനു വിനിയോഗിച്ചിട്ടുണ്ടോ;

(സി) സെൻട്രൽ ഗവൺമെണ്ടിൽനിന്നും തിരുവിതാംകൂറിനും കൊച്ചിക്കും അരി തരുന്നതു പ്രത്യേകം പ്രത്യേകം കോട്ടായായിട്ടും പ്രത്യേകം കണക്കിലുമാണോ, അതോ ഒന്നായിട്ടാണോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ആഗസ്റ്റുമാസം സംസ്ഥാനത്തിലേക്കു കോട്ടാ അനുവദിച്ചിരുന്നില്ല. എന്നാൽ ആ മാസത്തിനുമുമ്പു് അനുവദിച്ചിരുന്ന കോട്ടായിൽനിന്നും ൪൭,൫൭൫ ടൺ അരി ആഗസ്റ്റുമാസത്തിൽ സംസ്ഥാനത്തിൽ എത്തിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഒന്നായിട്ടാണു്.

നെല്ലെടുപ്പു സംബന്ധിച്ചു നിർദ്ദേശം

*൧൦൦൦. (൯൬) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറിൽ നെല്ലെടുക്കുന്നതിനെ സംബന്ധിച്ചു് ഇൻഡ്യാഗവൺമെണ്ടു വല്ല നിർദ്ദേശവും തന്നിട്ടുണ്ടോ;

(ബി) തിരുവിതാംകൂറിലും കൊച്ചിയിലുംനിന്നു് എത്ര നെല്ലുവീതം എടുക്കണമെന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) നെല്ലെടുപ്പു കൂടുതൽ കാര്യക്ഷമമാക്കണമെന്നല്ലാതെ വേറെ നിർദ്ദേശം തന്നിട്ടില്ല.

(ബി) ഇല്ല.

ഡെൽഹി കാൺഫറൻസു്

*൧൦൦൧. (൯൭) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പല പ്രോവിൻസുകളേയും സ്റ്റേറുകളേയും അപേക്ഷിച്ചു തിരുവിതാംകൂർ–കൊച്ചിയിൽ ഭക്ഷ്യസാധനങ്ങൾ വളരെ കുറവാണെന്നു സെൻട്രൽ ഗവൺമെണ്ടിനെ ധരിപ്പിച്ചിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ സംസ്ഥാനത്തു ഭക്ഷ്യസാധനങ്ങൾ കുറവാണെന്ന് ഇൻഡ്യാഗവണ്മെന്റിനെ ധരിപ്പിച്ചിട്ടുണ്ട്.

വനഭൂമി കൃഷിക്ക്

*൧൦൦൬. (൫൬) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിളവംകോട് താലൂക്കിലെ ഗണ്യമായ ആദായമില്ലാത്ത വനഭൂമി കൃഷിക്കായി നൽകി സഹായിക്കാൻ പ്രസ്തുത താലൂക്കിൽപ്പെട്ട പിന്നോക്കസമുദായങ്ങൾ ഹരിജനങ്ങൾ ഗിരിജനങ്ങൾ മുതലായവർ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്.

(ബി) ൧൦൦ ഏക്കർ സ്ഥലം പിന്നോക്കസമുദായങ്ങൾക്ക കുത്തകപ്പാട്ടത്തിനു കൊടുത്തു.

FOOD COMMISSIONER

***1093.** [51] **Sri. Paul Thaliath**: Will the Hon'ble Minister for Civil Supplie be pleased to state.—

(*a*) whether it is a fact that a Deputy Food Commissioner of the Government of India has recently opened an office in this State;

(*b*) if so, whether he will have any supervising or other controls over the Food Department of the State; and

(*c*) if so, the nature of such control ?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon)**:

(*a*) Yes. The Government of India have posted a Deputy Regional Food Commissioner of Trivandrum.

(*b*) No. (His main function is to liaise and contact with the State Government).

(*c*) Does not arise in view of the answer to (b).

PLAY GROUND

***1094.** [57] **Sri M. I. Paul**: Will the Hon'ble Minister for Education be pleased to state :—

(*a*) whether the Government are aware that after necessary enquiries provisions have been made in the budget before integration for acquisition of land for the play ground for the Narakkal High School; and

(*b*) if so why it is not implemented as yet ?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon)**:

(*a*) No. Provision could not be made in the budget owing to financial stringency.

(*b*) Does not arise in view of the answer to (*a*).

LIBRARY ARCHIVES Kerala Legislative Assembly